ഈഴവ	7
മുസ്ലീം	8
മറ്റ് പിന്നോക്ക വിഭാഗങ്ങൾ	4
പട്ടികജാതി	1
പട്ടികവർഗ്ഗം	1

ബാക്കി 8 പേർ മെരിറ്റ് വിഭാഗത്തിൽപ്പെടുന്നു.

സാക്ഷരതാ പ്രവർത്തനം

70(495) ശ്രീ. കെ. സി. ജോസഫ് :

ശ്രീ. തമ്പാനൂർ രവി : : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാക്ഷരതാ രംഗത്ത് ഇന്ത്യയിൽ എത്രാമത്തെ സ്ഥാനമാണ് കേരളത്തിനുള്ളത് ;

(ബി) കേരളത്തിന്റെ സ്ഥാനം പിന്നോക്കം പോകുവാനുള്ള കാരണം വ്യക്തമാക്കാമോ ;

(സി) നവസാക്ഷരതർക്ക് തുടർ വിദ്യാഭ്യാസം നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(ഡി) തുടർ വിദ്യാഭ്യാസ കേന്ദ്രങ്ങൾ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ ;

(ഇ) സാക്ഷരതാ പ്രവർത്തനത്തിനുള്ള സ്റ്റേറ്റ് റിസോഴ്സ് സെന്ററിന് കേന്ദ്രത്തിൽ നിന്നും ഓരോ വർഷവും എന്തു തുക വീതം ഗ്രാന്റ് ലഭിക്കുന്നുണ്ട് ;

(എഫ്) ഈ ഗ്രാന്റ് ലഭിച്ചത് എപ്പോഴാണ് ;

(ജി) ഈ തുക സ്റ്റേറ്റ് റിസോഴ്സ് സെന്ററിന് കൈമാറിയത് എന്നാണ് ?

ഉത്തരം

(എ) സാക്ഷരതാ രംഗത്ത് ഇൻഡ്യയിൽ രണ്ടാം സ്ഥാനമാണ് കേരളത്തിനുള്ളത്.

(ബി) 1991-ലെ സമ്പൂർണ്ണ സാക്ഷരതാ പ്രഖ്യാപനത്തിനുശേഷം സാക്ഷരതാനന്തര പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിലുണ്ടായ പോരായ്മയാണ് ഇതിനുള്ള ഒരു കാരണം.

(സി) നവ സാക്ഷരർക്ക് തുടർ വിദ്യാഭ്യാസം നൽകുന്നതിനായി തുടർ വിദ്യാഭ്യാസ കേന്ദ്രങ്ങളും വികസന വിദ്യാ കേന്ദ്രങ്ങളും ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) തുടർ വിദ്യാഭ്യാസ കേന്ദ്രങ്ങൾ ഏറിയ പങ്കും ഫലപ്രദമായി പ്രവർത്തിച്ചുവരുന്നു.

(ഇ-ജി) 1978 മുതൽ വാർഷിക ഗ്രാന്റ് ലഭിക്കുന്നു. 1978 മുതൽ 1994 വരെ സ്റ്റേറ്റ് റിസോഴ്സസ് സെന്ററിന് ലഭ്യമായ ഗ്രാന്റിൽ 80% കേന്ദ്ര സർക്കാരും 10% സംസ്ഥാന സർക്കാരും 5 % സന്നദ്ധ സംഘടനകളുമാണ് നൽകിയിരുന്നത്. 1994 മുതൽ 1999-2000 സാമ്പത്തിക വർഷംവരെ 25 ലക്ഷം രൂപ വാർഷിക ഗ്രാന്റായി കേന്ദ്രത്തിൽ നിന്നും സ്റ്റേറ്റ് റിസോഴ്സ് സെന്ററിന് നേരിട്ടാണ് ലഭിക്കുന്നത് 2000-2001 മുതൽ അടുത്ത വർദ്ധനവുണ്ടാക്കുന്നതുവരെ നാൽപ്പതു ലക്ഷം രൂപ ഗ്രാന്റായി ലഭിക്കുന്നതാണ്.

റോഡ്സ് ആന്റ് ബ്രിഡ്ജ്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഏറ്റെടുത്തിട്ടുള്ള പണികൾ

71 (496) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഇതുവരെ ഏറ്റെടുത്തിട്ടുള്ള പണികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ ;

(ബി) ഏറ്റെടുത്ത പണികളുടെ പ്രവർത്തന പുരോഗതി വിശദീകരിക്കുമോ ;

(സി) വീതികുറഞ്ഞ റോഡുകൾ വീതികൂട്ടുന്ന പണി ഏറ്റെടുക്കാൻ ഈ കോർപ്പറേഷന് ഉദ്ദേശമുണ്ടോ ?

ഉത്തരം

(എ) 12 റെയിൽവേ ഓവർബ്രിഡ്ജുകളുടെ പണി കോർപ്പറേഷൻ ഏറ്റെടുത്തിട്ടുണ്ട്.

(ബി) പണികൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഉണ്ട്.

വില്ലേജ് റോഡുകളുടെ ടെണ്ടർ

72 (498) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. സി. മൊയിൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിരുന്ന വില്ലേജ് റോഡുകൾ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ടെണ്ടർ ചെയ്തിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതൊക്കെ റോഡുകളാണെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly